REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** 24-04-2025 **സമയം** 12.30 PM

---

## പ്രധാന വാർത്തകൾ

- **പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്രം വിളിച്ച സർവ കക്ഷി യോഗം വൈകിട്ട് ആറിന് ചേരും.**
- **ഇന്ന് ദേശീയ പഞ്ചായത്തിരാജ് ദിനം. പ്രധാനമന്ത്രി നരേന്ദ്രമോദി ബിഹാറിലെ മധുബനിയിൽ ഗവൺമെന്റ് പദ്ധതികളുടെ ഗുണഭോക്താക്കളെ അഭിസംബോധന ചെയ്യുന്നു.**
- **സാമൂഹ്യക്ഷേമ പെൻഷനുകളുടെ കുടിശികയിൽ ഒരു ഗഡു കൂടി അനുവദിക്കാൻ സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചതായി മന്ത്രി KN ബാലഗോപാൽ**
- **സ്വർണ്ണ വില ഗ്രാമിന് 10 രൂപ കുറഞ്ഞു 9,005 രൂപയായി.**

## വാർത്തകൾ വിശദമായി

പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്രം വിളിച്ച സർവ കക്ഷി യോഗം വൈകിട്ട് ആറിന് ചേരും. പാർലമെന്റ് ഹൗസ് സമുച്ചയത്തിലാണ് യോഗം. ആഭ്യന്തരമന്ത്രി അമിത് ഷായും രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗും യോഗത്തിൽ ഭീകരാക്രമണത്തിന്റെ വിശദാംശങ്ങൾ രാഷ്ട്രീയ കക്ഷിനേതാക്കളെ അറിയിക്കും.

ഇന്നലെ ഡൽഹിയിൽ ചേർന്ന സുരക്ഷയെ സംബന്ധിച്ച കേന്ദ്ര മന്ത്രിസഭാ സമിതിയാണ് സർവകക്ഷി യോഗം വിളിക്കാൻ തീരുമാനിച്ചത്.

പാകിസ്ഥാനെതിരെ കടുത്ത നടപടികൾ സ്വീകരിക്കാൻ ഇന്നലെ രാത്രി ചേർന്ന സമിതിയോഗം തീരുമാനിച്ചിരുന്നു. പാകിസ്ഥാനുമായി നദീജലം പങ്ക് വെക്കുന്ന

1960 ലെ സിന്ധു നദീജല കരാർ മരവിപ്പിക്കാനും അട്ടാരി ചെക്ക്പോസ്റ്റ് അടിയന്തിരമായി അടയ്ക്കുന്നതുമുൾപ്പെടെ നിർണായക തീരുമാനങ്ങൾ യോഗത്തിലുണ്ടായി .

ഇന്ത്യാ സന്ദർശനത്തിനെത്തിയ പാകിസ്ഥാനി പൗരന്മാർക്ക് യാത്രാ വിലക്ക് ഏർപ്പെടുത്താനും കേന്ദ്രമന്ത്രി തല സമിതി തീരുമാനിച്ചു.

✪✪✪

പഹൽഗാം ഭീകരാക്രമണത്തിന്റെ സാഹചര്യത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് നടത്താനിരുന്നു ഉത്തർപ്രദേശ് സന്ദർശനം റദ്ദാക്കി. 20,000-കോടിയിലേറെ രൂപയുടെ വികസനപദ്ധതികൾക്ക് തുടക്കമിടാൻ ഇന്ന് പ്രധാനമന്ത്രി കാൺപൂരിൽ എത്താൻ തീരുമാനിച്ചിരുന്നു.

✪✪✪

ഇന്ത്യ ഡൽഹിയിലെ പാകിസ്ഥാന്റെ ഉന്നത നയതന്ത്ര ഉദ്യോഗസ്ഥൻ സാദ് അഹമ്മദ് വാറൈച്ചിനെ വിളിച്ചുവരുത്തി നടപടി നിർദ്ദേശങ്ങൾ കൈമാറി. പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ രാജ്യം സ്വീകരിച്ച ശക്തമായ നടപടിയുടെ ഭാഗമായാണ് ഇന്നലെ രാത്രി വൈകി  വാറൈച്ചിനെ വിളിച്ചുവരുത്തിയത്.

✪✪✪

പഹൽഗാം ഭീകരാക്രമണത്തിൽ  കൊല്ലപ്പെട്ട മൂന്നു പേരുടെ മൃതദേഹം ബംഗളൂരുവിലെത്തിച്ചു. കർണാടക സ്വദേശികളായ മഞ്ജുനാഥ റാവുവിന്റെയും, ഭരത് ഭൂഷൺന്റെയും, ആന്ധ്ര സ്വദേശിയായ മധുസൂദനന്റെയും മൃതദേഹങ്ങളാണ് ബംഗളൂരു അന്താരാഷ്ട്ര വിമാനത്താവളത്തിൽ രാവിലെയെത്തിച്ചത്.

മഞ്ജുനാഥ റാവുവിന്റെ ഭൗതിക ശരീരം ജന്മനാടായ ശിവമോഗയിലേക്കും, ഭരത്ഭൂഷൺന്റെ ഭൗതിക ശരീരം ബംഗളൂരുവിലെ മത്തിക്കരയിലേക്കും മധുസൂദനന്റെ ഭൗതിക ദേഹം നെല്ലൂരിലേക്കും കൊണ്ടുപോയി. കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ ഭരത് ഭൂഷണിന്റെ വീട്ടിലെത്തി ആദരാഞ്ജലികളർപ്പിച്ചു.

ഭീകരാക്രണത്തിൽ കൊല്ലപ്പെട്ട പൂനെ നിവാസികളായ കൗസ്തുഭ് ഗൺബോടെയുടെയും, സന്തോഷ് ജഗ്ദലെയുടെയും മൃതദേഹങ്ങൾ പുലർച്ചെ പൂനെയിൽ  സംസ്കരിച്ചു.

✪✪✪

പഹൽഗാമിൽ ഭീകരരുടെ വെടിയേറ്റ് മരിച്ച കൊച്ചി ഇടപ്പള്ളി സ്വദേശി N രാമചന്ദ്രന്റെ സംസ്കാരം നാളെ നടത്തും. ഇന്നലെ  വൈകിട്ടോടെ കൊച്ചി

വിമാനത്താവളത്തിൽ എത്തിച്ച ഭൗതികശരീരത്തിൽ കേന്ദ്ര സഹ മന്ത്രിമാരായ സുരേഷ് ഗോപി, ജോർജ് കുര്യൻ, BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ, പ്രതിപക്ഷ നേതാവ് VD സതീശൻ തുടങ്ങിയവർ ഉൾപ്പെടെ നൂറുകണക്കിന് ആളുകൾ അന്തിമോപചാരം അർപ്പിച്ചു.

സംസ്ഥാന ഗവൺമെന്റിനും മുഖ്യമന്ത്രിക്കും വേണ്ടി മന്ത്രി P പ്രസാദ് ആദരാഞ്ജലി അർപ്പിച്ചു.

✪✪✪

പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധി അമേരിക്കൻ സന്ദർശനം വെട്ടിച്ചുരുക്കി പുലർച്ചെ ന്യൂഡൽഹിയിലെത്തി. വൈകിട്ട് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗിന്റെ അധ്യക്ഷതയിൽ ചേരുന്ന സർവ്വകക്ഷിയോഗത്തിൽ രാഹുൽഗാന്ധി പങ്കെടുക്കും.

✪✪✪

തെക്കൻ കശ്മീരിലെ കുൽഗാം ജില്ലയിലെ താങ്മാർഗ് മേഖലയിൽ സുരക്ഷാസേനയും ഭീകരരും തമ്മിൽ വെടിവെപ്പ് ഉണ്ടായതിനെ തുടർന്ന് തിരച്ചിൽ തുടരുന്നു. പ്രദേശത്ത് ഭീകര സാന്നിധ്യമുണ്ടെന്ന രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ സുരക്ഷാ സൈനികർ എത്തിയപ്പോഴായിരുന്നു വെടിവെപ്പുണ്ടായത്. സൈന്യത്തിന്റെയും CRPF ന്റെയും, ജമ്മുകശ്മീർ പൊലീസിന്റെയും സംയുക്ത സംഘമാണ് ഭീകരവിരുദ്ധ ഓപ്പറേഷനിൽ പങ്കെടുക്കുന്നത്.

✪✪✪

ഇന്ന് ദേശീയ പഞ്ചായത്തിരാജ് ദിനം. ബിഹാറിലെ മധുബനിയിൽ പ്രധാൻമന്ത്രി ആവാസ് യോജന, ദീൻദയാൽ അന്ത്യോദയ യോജന-ദേശീയ ഗ്രാമീണ ഉപജീവന ദൗത്യം ഗുണഭോക്താക്കളെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിസംബോധന ചെയ്യുകയാണ്. അവർക്ക് പദ്ധതി സാമ്പത്തിക സഹായവും ചടങ്ങിൽ വിതരണം ചെയ്യും.

ചടങ്ങിൽ ബിഹാറിൽ 13,480 കോടി രൂപയുടെ വികസന പദ്ധതികൾക്കും അദ്ദേഹം തുടക്കമിട്ടു. റെയിൽ - ഊർജ്ജ മേഖലകളിൽ പൂർത്തീകരിച്ച പദ്ധതികളും അദ്ദേഹം രാഷ്ട്രത്തിന് സമർപ്പിക്കും.

പാറ്റ്നയ്ക്കും ജയാനഗറിനുമിടയിലെ നമോ ഭാരത് റാപ്പിഡ് ട്രെയിനും അമൃത് ഭാരത് എക്സ്പ്രസും ഉൾപ്പെടെ നാല് ട്രെയിനുകൾ പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്തു.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ നാലാം വാർഷികാ ഘോഷത്തിന്റെ ഭാഗമായി പത്തനംതിട്ട ജില്ലാതല അവലോകന യോഗം ഇലന്തൂർ തൂക്കുപാലത്ത് ആരംഭിച്ചു. ജില്ലയിലെ വിവിധ മേഖലകളിലെ ക്ഷണിതാക്കളായ 500 പേരുമായി മുഖ്യമന്ത്രി പിണറായി വിജയൻ സംവദിക്കും. മന്ത്രി KN ബാലഗോപാൽ, ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ തുടങ്ങിയവരും മറ്റ് ജനപ്രതിനിധികളും യോഗത്തിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

സാമൂഹ്യക്ഷേമ പെൻഷനുകളുടെ കുടിശികയിൽ ഒരു ഗഡു കൂടി അനുവദിക്കാൻ സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചതായി മന്ത്രി KN ബാലഗോപാൽ അറിയിച്ചു. മെയ് മാസത്തെ പെൻഷനൊപ്പമാണ് ഈ തുക നൽകുക. 62 ലക്ഷം പേർക്കാണ് സംസ്ഥാനത്ത് ക്ഷേമപെൻഷൻ ലഭിക്കുന്നത്.

✪✪✪

ഫ്രാൻസിസ് മാർപ്പാപ്പയുടെ ഭൗതിക ശരീരം അവസാനമായി കാണാൻ വത്തിക്കാനിലേക്ക് വിശ്വാസികളുടെ പ്രവാഹം തുടരുന്നു. സെന്റ് പീറ്റേഴ്സ് ബസിലിക്കയിലേക്ക് പൊതുദർശനത്തിന് പാപ്പയുടെ ഭൗതിക ശരീരം ഇന്നലെയാണ് കൊണ്ടുവന്നത്.

മാർപ്പാപ്പയുടെ അഭിലാഷപ്രകാരം ഉയർന്ന പീഠം ഒഴിവാക്കി ചെറിയ റാംപിലാണ് ഭൗതിക ശരീരമടങ്ങിയ പേടകം വച്ചത്.

നാളെ വൈകിട്ട് പത്തിന് പൊതുദർശനം പൂർത്തിയാക്കി പേടകം അടയ്ക്കും. ശനിയാഴ്ച, സംസ്കാര ശുശ്രൂഷകൾ പൂർത്തിയാക്കി സാന്താ മരിയ മാർജറി ബസിലിക്കയിൽ ഭൗതിക ശരീരം അടക്കം ചെയ്യും.

✪✪✪

തിരുവനന്തപുരം അമ്പലമുക്ക് വിനീത വധക്കേസ് പ്രതി രാജേന്ദ്രനെ തിരുവനന്തപുരം സെഷൻസ് കോടതി വധശിക്ഷയ്ക്ക് വിധിച്ചു. ശാസ്ത്രീയ തെളിവുകളുടെയും മൊഴിയുടെയും അടിസ്ഥാനത്തിലാണ് ശിക്ഷ. മൂന്ന് കൊലപാതക കേസുകളിൽ പ്രതിയായ രാജേന്ദ്രൻ സമൂഹത്തിന് വിപത്താണെന്ന് പ്രോസിക്യൂഷൻ വാദിച്ചു. മാല മോഷ്ടിക്കുന്നതിനാണ് വിനീതയെ പ്രതി കൊലപ്പെടുത്തിയത്.

✪✪✪

രണ്ടാം ഏഷ്യൻ യോഗാസന ചാമ്പ്യൻഷിപ്പ് നാളെ ന്യൂഡൽഹിയിലെ ഇന്ദിരാഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ ആരംഭിക്കും. ഈ മാസം 27 വരെ നടത്തുന്ന ചാമ്പ്യൻഷിപ്പിൽ 21 ഏഷ്യൻ രാജ്യങ്ങളിൽ നിന്നുമായി 170-ലധികം മത്സരാർത്ഥികൾ പങ്കെടുക്കും.

✪✪✪

IPL ട്വന്റി-20 ക്രിക്കറ്റിൽ വൈകിട്ട് ഏഴരയ്ക്ക് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, രാജസ്ഥാൻ റോയൽസിനെ നേരിടും. ബംഗളുരുവിൽ M.ചിന്നസ്വാമി സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

മഞ്ചേരിയിൽ കേരളാ പ്രീമിയർ ലീഗ് ഫുട്ബോളിൽ വൈകിട്ട് നാലിന് കുന്നംകുളത്ത്, ഗോൾഡൻ ത്രെഡ്സ് FC, റിയൽ മലബാർ FC യെ നേരിടും. മഞ്ചേരിയിൽ ഗോകുലം കേരള FC, കേരളാ പൊലീസുമായി മത്സരിക്കും.

✪✪✪

ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ഏക മലയാളി അധ്യക്ഷനായിരുന്ന ചേറ്റൂർ ശങ്കരൻ നായരുടെ ഓർമ ദിനം ഇന്ന് ആചരിക്കുന്നു. കോൺഗ്രസും, BJP യും പാലക്കാട് മങ്കരയിലെ സ്മൃതി മണ്ഡപത്തിൽ വെവ്വേറെ അനുസ്മരണ പരിപാടികൾ സംഘടിപ്പിച്ചു.

✪✪✪

ചേറ്റൂർ ശങ്കരൻ നായരുടെ ഓർമ്മ ദിനമായ ഇന്ന് രാവിലെ കണ്ണൂർ DCC ഓഫീസിൽ പുഷ്പാർച്ചനയും അനുസ്മരണവും നടത്തി. അനുസ്മരണ സമ്മേളനം KPCC പ്രസിഡണ്ട് K സുധാകരൻ ഉദ്ഘാടനം ചെയ്തു.

✪✪✪

BJP സംസ്ഥാന പ്രസിഡന്റ് രാജിവ് ചന്ദ്രശേഖർ പങ്കെടുക്കുന്ന വികസിത കേരളം കൺവെൻഷൻ നാളെ കണ്ണൂരിൽ നടത്തും.

രാവിലെ മാരാർജി ഭവനിൽ ജില്ലാ കോർ കമ്മിറ്റിയുടെയും ഭാരവാഹികളുടെയും മണ്ഡല പ്രസിഡണ്ടുമാരുടെയും യോഗം ചേരും. BJP മുൻ സംസ്ഥാന പ്രസിഡണ്ട് KG മാരാർ അനുസ്മരണവും ഇതോടൊപ്പം നടക്കും .

✪✪✪

ലോകാരോഗ്യ സംഘടനയുടെ നേതൃത്വത്തിൽ “ലോക രോഗപ്രതിരോധ വാരം” ലോകമെമ്പാടും ഇന്ന് ആരംഭിക്കും. ഈ മാസം 30 വരെ സംഘടിപ്പിക്കുന്ന ക്യാമ്പെയിൻ, പ്രതിരോധ കുത്തിവെപ്പ് പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് നടത്തുന്നത്. "എല്ലാവർക്കും രോഗപ്രതിരോധം മനുഷ്യർക്ക് സാധ്യമാണ്" എന്നതാണ് ഈ വർഷത്തെ പ്രമേയം.

✪✪✪

സ്വർണ്ണ വില ഗ്രാമിന് 10 രൂപ കുറഞ്ഞു 9,005 രൂപയായി. 72,040 രൂപയാണ് പവൻ വില.

✪✪✪

NIT കാലിക്കറ്റ് സംഘടിപ്പിക്കുന്ന ദേശീയ വിദ്യാഭ്യാസ നയം 2020 നടപ്പാക്കുന്നതിനെക്കുറിച്ചുള്ള ദേശീയ കോൺക്ലേവ് നാളെയും മറ്റന്നാളും നടക്കുമെന്ന് ഡീൻ അക്കാദമിക് ഡോ എ വി ബാബു വാർത്താസമ്മേളനത്തിൽ അറിയിച്ചു.

നാഷണൽ ബോർഡ് ഓഫ് അക്രഡിറ്റേഷൻ ചെയർമാൻ പ്രൊഫ. അനിൽ സഹസ്രബുദ്ധ കോൺക്ലേവ് ഉദ്ഘാടനം ചെയ്യും.

✪✪✪

മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിനിന്റെ ഭാഗമായി സംസ്ഥാന തലത്തിൽ പുരസ്കാരങ്ങൾ നേടിയ കണ്ണൂർ ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളെ ജില്ലാ ആസൂത്രണ സമിതി നാളെ അനുമോദിക്കും. മന്ത്രി ഡോ. R ബിന്ദു അനുമോദന യോഗം ഉദ്ഘാടനം ചെയ്യും.

✪✪✪

തമിഴ്നാട് ഗവൺമെന്റ് മയോണൈസ് ഒരു വർഷത്തേക്ക് നിരോധിച്ച് ഉത്തരവിറക്കി. മയോണൈസ് തയ്യാറാക്കുന്നതിലും സൂക്ഷിക്കുന്നതിലും അപകട സാധ്യതയുണ്ടെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഉത്തരവ്.

2006 ലെ ഭക്ഷ്യസുരക്ഷാ നിലവാര നിയമ പ്രകാരമാണ് നിരോധനം.

✪✪✪

---

*News Editor: വി കെ സുരേഷ്*
*News Reader: : നിമിഷ ജി*
*News Team: അനിൽ ചന്ദ്രൻ ,*
*DEO: ഷീബ*